ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 04.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ജനങ്ങളെയും രാഷ്ട്രങ്ങളെയും ഒരുമിപ്പിക്കാനുള്ള അതുല്യമായ കഴിവ് കായിക മത്സരങ്ങൾക്കുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **President Droupadi Murmu said that Sports Events have a unique power to Unite People and Nations**

2. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റന്നാൾ കേരളത്തിൽ എത്തും.

   **Vice President Jagdeep Dhankhar will be on a two-day visit to Kerala from this Sunday.**

3. ലോകത്തിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയുടേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **India Has One of the Fastest-Growing Economy in the World says Prime Minister Narendra Modi.**

4. കേരളത്തിൽ നിപ സംശയത്തെ തുടർന്ന് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം.

**Nipah Suspected in Kerala. Alert Issued in Kozhikode, Malappuram, and Palakkad Districts.**

5. ടി -20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും.

**In Women's cricket, India will look to seal the T20 series as they take on hosts England in the third match today.**

&&&&&&&&&&&&&&&&&&

## PRESIDENT(INTRO)

ജനങ്ങളെയും രാഷ്ട്രങ്ങളെയും ഒരുമിപ്പിക്കാനുള്ള അതുല്യമായ കഴിവ് കായിക മത്സരങ്ങൾക്കുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 2025 -ലെ ഡ്യൂറണ്ട് കപ്പ് ടൂർണമെന്റിനുള്ള ട്രോഫികളുടെ അനാച്ഛാദനം രാഷ്ട്രപതി ഭവനിൽ നിർവ്വഹിക്കുകയായിരുന്നു ശ്രീമതി മുർമു. അച്ചടക്കവും ദൃഢനിശ്ചയവും വർധിപ്പിക്കാൻ ഫുടബോളിന് സാധിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

## VP – KERALA

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ മറ്റന്നാൾ കേരളത്തിൽ എത്തും. തൃശൂർ ജില്ലയിലെ ഗുരുവായൂർ ക്ഷേത്രത്തിൽ അദ്ദേഹം ദർശനം നടത്തും. കൊച്ചിയിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ വിദ്യാർത്ഥികളുമായും അധ്യാപകരുമായി ഉപരാഷ്ട്രപതി സംവദിക്കും.

&&&&&&&&&&&&&&&&&&

## PM – ARGENTINA

ഗ്ലോബൽ സൗത്ത് രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടുള്ള ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അർജൻറീന സന്ദർശിക്കും. ഇന്നും നാളെയുമായി അദ്ദേഹം വിവിധ ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ പ്രധാനമന്ത്രിയുടെ അർജൻറീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്. ട്രിനിഡാഡ് ആൻഡ്

ടൊബാഗോ സന്ദർശനത്തിന് ശേഷമാണ് പ്രധാനമന്ത്രി അർജൻറീനയിൽ എത്തുന്നത്.

&&&&&&&&&&&&&&&&&&

**PM-INDIAN COMMUNITY (INTRO)**

ലോകത്തിലെ അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയുടേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . ഇന്ത്യയുടെ വികസനത്തിന് ഊർജ്ജം പകരുന്നത് യുവജനങ്ങളാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് )

അഞ്ച് രാഷ്ട്രങ്ങളിലേക്കുള്ള പര്യടനത്തിന്റെ രണ്ടാം പാദത്തിൽ ഇന്നലെ രാത്രിയാണ് പ്രധാനമന്ത്രി പോർട്ട് ഓഫ് സ്പെയിനിലെത്തിയത്. രണ്ട് ദിവസത്തെ സന്ദർശനത്തിൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി ശ്രീ നരേന്ദ്ര മോദി ചർച്ച നടത്തും. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

&&&&&&&&&&&&&&&&&&

## TELEVISION RATING AGENCY

ടെലിവിഷൻ റേറ്റിംഗ് ഏജൻസികൾക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്താൻ നിർദേശിച്ച് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം. കൂടുതൽ പ്രാതിനിധ്യപരവും ആധുനികവുമായ T.R.P സംവിധാനത്തിന്റെ ആവശ്യകത മുൻനിർത്തി, 2014-ൽ പുറത്തിറക്കിയ നയ മാർഗ്ഗനിർദ്ദേശങ്ങളിലാണ് മാറ്റം വരുത്തുക. ഇത് സംബന്ധിച്ച് കേന്ദ്രം പുറത്തിറക്കിയ നിർദ്ദിഷ്ട കരടിൽ മാധ്യമ സ്ഥാപനങ്ങൾക്കുള്ള ചില നിയന്ത്രണ വ്യവസ്ഥകൾ നീക്കിയിട്ടുണ്ട്. ടി.വി റേറ്റിംഗുകൾ നൽകുന്ന ഏക ഏജൻസിയായ ബ്രോഡ്കാസ്റ്റ് ഓഡിയൻസ് റിസർച്ച് കൗൺസിൽ - BARC ന് പുറമെ കൂടുതൽ ഏജൻസികളെ ഈ രംഗത്തേക്ക് കൊണ്ടുവരികയാണ് ലക്ഷ്യം.

&&&&&&&&&&&&&&&&&&

## FACT CHECK

21,000 രൂപ നിക്ഷേപിക്കുമ്പോൾ പ്രതിദിനം 1.25 ലക്ഷം രൂപ ലാഭവിഹിതം ലഭിക്കുന്ന നിക്ഷേപ പദ്ധതി ആവിഷ്കരിക്കുമെന്ന രീതിയിൽ സമൂഹ മാധ്യമങ്ങളിൽ

പ്രചരിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വീഡിയോ വ്യാജമാണെന്ന് പി ഐ പി ഫാക്ട് ചെക് അറിയിച്ചു .

&&&&&&&&&&&&&&&&&&&

## JYOTIRADITYA SCINDIA

പരമ്പരാഗത പോസ്റ്റൽ സംവിധാനത്തിൽ നിന്ന് ഏറെ മുന്നേറി ഇന്ത്യ പോസ്റ്റ് നിലവിൽ രാജ്യത്തെ ഏറ്റവും വലിയ ചരക്ക് നീക്ക ശൃംഖലയായി മാറിയതായി കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. നിലവിൽ 1.64 ലക്ഷം സേവന കേന്ദ്രങ്ങളാണ് ചരക്ക് നീക്കത്തിനായി പ്രവർത്തിക്കുന്നത്. ആകാശവാണി ന്യൂസിന്റെ പോഡ്കാസ്റ്റിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ഓരോ ഇടപാടിന്റെയും ഡിജിറ്റൽ ട്രാക്കിംഗിനായുള്ള സംവിധാനങ്ങളും ഇന്ത്യാ പോസ്റ്റിന്റെ ചരിത്രത്തിൽ ആദ്യമായി ചീഫ് ടെക്നോളജി ഓഫീസറെ നിയമിച്ചതായും ശ്രീ ജ്യോതിരാദിത്യ സിന്ധ്യ പറഞ്ഞു.

&&&&&&&&&&&&&&&&&&&

## ANNAPURNA –INSTITUTE

സാവിത്രിഭായ് ഫൂലെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ മേഖല കേന്ദ്രം ജാർഖണ്ഡിലെ റാഞ്ചിയിൽ ഇന്ന്

പ്രവർത്തനം ആരംഭിക്കും. കേന്ദ്ര വനിതാ ശിശു വികസന മന്ത്രി അന്നപൂർണ ദേവി ഉദ്ഘാടനം ചെയ്യും. രാജ്യത്തിന്റെ കിഴക്കൻ മേഖലയിലെ സേവന വിതരണം മെച്ചപ്പെടുത്തുന്നതിൽ പുതിയ കേന്ദ്രം സുപ്രധാന പങ്ക് വഹിക്കും.

&&&&&&&&&&&&&&&&&&

## ED – SEARCH

ജാർഖണ്ഡ് മുൻ മന്ത്രി യോഗേന്ദ്ര സാവോയ്ക്കും കൂട്ടാളികൾക്കുമെതിരായ കള്ളപ്പണം വെളുപ്പിക്കൽ കേസിൻറെ അന്വേഷണവുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ്

ഡയറക്ടറേറ്റ് ഹസാരിബാഗിലെയും റാഞ്ചിയിലെയും എട്ടിടങ്ങളിൽ പരിശോധന നടത്തുകയാണ്. അനധികൃത മണൽ ഖനനം, ഭൂമി കൈയേറ്റം തുടങ്ങിയ കുറ്റകൃത്യങ്ങളിലൂടെ വരുമാനം നേടിയതുമായി ബന്ധപ്പെട്ടാണ് അന്വേഷണം.

&&&&&&&&&&&&&&&&&&

## VEENA GEORGE–NIPAH

കേരളത്തിൽ രണ്ട് നിപ കേസുകളുമായി ബന്ധപ്പെട്ട് കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ മന്ത്രി വീണാ

ജോർജ്. രോഗബാധിതർ പാലക്കാട്, മലപ്പുറം ജില്ലകളിലുള്ളവരാണ്. മലപ്പുറം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ നടത്തിയ പരിശോധനയിൽ നിപ കണ്ടെത്തിയതിനെ തുടർന്ന് പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിപ സ്ഥിരീകരണത്തിനായി സാമ്പിളുകൾ അയച്ചിട്ടുണ്ട്. സ്ഥിരീകരണം വരുന്നതിന് മുമ്പ് തന്നെ പ്രോട്ടോകോൾ അനുസരിച്ച് പ്രതിരോധ നടപടികൾ ശക്തമാക്കാൻ നിർദേശം നൽകിയതായും ആരോഗ്യമന്ത്രി അറിയിച്ചു. മന്ത്രിയുടെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം വീണ്ടും നിപ ഉന്നതതല യോഗം ചേർന്ന് തുടർ നടപടികൾ സ്വീകരിക്കും.

&&&&&&&&&&&&&&&&&&

## PALAKKAD NIPAH

പാലക്കാട് തച്ചനാട്ടുകര സ്വദേശിയായ യുവതിക്ക് നിപ ബാധ സംശയിക്കുന്നതിനെ തുടർന്ന് തച്ചനാട്ടുകര കരിമ്പ പഞ്ചായത്തുകളിലെ 6 വാർഡുകളിൽ ജില്ലാ ഭരണകൂടം നിയന്ത്രണം ഏർപ്പെടുത്തി. യുവതി നിലവിൽ പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## V N VASAVAN

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം തകർന്നുവീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശിനി ബിന്ദുവിന്റെ കുടുംബത്തിന് അടിയന്തിരമായി അൻപതിനായിരം രൂപ ധനസഹായം നൽകുമെന്ന് മന്ത്രി വി എൻ വാസവൻ. തുടർ സഹായം സംബന്ധിച്ച് മന്ത്രിസഭാ യോഗത്തിന് ശേഷം തീരുമാനിക്കുമെന്നും അദ്ദേഹം കോട്ടയത്ത് മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&&&

## WOMEN CRICKET – IND VS ENG

ടി20 വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. കെന്നിംഗ്സ്ടൺ ഓവലിൽ ഇന്ത്യൻ സമയം രാത്രി 11:05 നാണ് മത്സരം. രണ്ട് മത്സരങ്ങൾ ബാക്കി നിൽക്കെ പരമ്പര സ്വന്തമാക്കാനാണ് ഇന്ത്യ ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## CRICKET

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് ഉച്ചക്ക് ശേഷം

പുനരാരംഭിക്കും. ഇന്നലെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിച്ച ഇന്ത്യ ക്യാപ്റ്റൻ ശുഭ് മൻ ഗില്ലിൻറെ ഡബിൾ സെഞ്ചുറിയുടെ കരുത്തിൽ 587 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിൽ ഇംഗ്ലണ്ട് 3 വിക്കറ്റ് നഷ്ടത്തിൽ 77 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&&&

## PM – SWAMI VIVEKANAND

സ്വാമി വിവേകാനന്ദന്റെ ചരമവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു. വിവേകാനന്ദന്റെ ചിന്തകളും ദർശനങ്ങളും സമൂഹത്തിന് വഴികാട്ടിയാണെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## RAJNATH ALLURI RAJU

ബ്രിട്ടീഷ് ഭരണത്തിനെതിരായ റാംപ കലാപത്തിന് നേതൃത്വം നൽകുകയും ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങൾക്കും അന്തസ്സിനും വേണ്ടി നിർഭയമായി നിലകൊള്ളുകയും ചെയ്ത അല്ലൂരി സീതാറാം രാജുവിന്റെ

128 -ാം ജന്മവാര്ഷിക ദിനം ഇന്ന്. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.

&&&&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം, ബോംബൈ ഓഹരി സൂചിക സെൻസെക്സ് 146 പോയിൻറ് നഷ്ടത്തിൽ 83,097 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 48 പോയിൻറ് കുറഞ്ഞു 25,357 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു . പവന് 440 രൂപ കുറഞ്ഞു 72,400 രൂപയും ഗ്രാമിന് 55 രൂപ കുറഞ്ഞു 9050 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട് കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## BADMINTON – CANADA OPEN

ബാഡ്മിന്റണിൽ, കാനഡ ഓപ്പൺ സൂപ്പർ 300 ടൂർണമെന്റിന്റെ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ക്വാർട്ടർ ഫൈനൽ ഉറപ്പിച്ചു. ഇന്നലെ നടന്ന മത്സരത്തിൽ ചൈനീസ് തായ്പേ താരത്തെ നേരിട്ടുള്ള ഗെയിമുകൾക്കാണ് പരാജയപ്പെടുത്തിയത്. വനിതാ സിംഗിൾസിൽ, ഇന്ത്യയുടെ ശ്രീയാൻഷി വാലിഷെട്ടി ക്വാർട്ടർ ഫൈനലിൽ ഇന്ന് മത്സരിക്കും.

&&&&&&&&&&&&&&&&&&&

## GRAND CHESS TOUR

ഗ്രാൻഡ് ചെസ് ടൂറിന്റെ റാപ്പിഡ് സെക്ഷന്റെ ആറാം റൗണ്ടിൽ ലോക ചാമ്പ്യൻ ഡി. ഗുകേഷിനു വിജയം. ലോക ഒന്നാം നമ്പർ താരവും അഞ്ച് തവണ ചാമ്പ്യനുമായ മാഗ്നസ് കാൾസണെയാണ് ഗുകേഷ് പരാജയപ്പെടുത്തിയത് . ചെന്നൈയിൽ നിന്നുള്ള ഗ്രാൻഡ് മാസ്റ്ററിന്റെ തുടർച്ചയായ അഞ്ചാം വിജയമാണിത്.

&&&&&&&&&&&&&&&&&&&

## CHHATTISGARH – MOBILE TOWERS

സർഗുജ, ബസ്തർ തുടങ്ങിയ ഗോത്ര മേഖലകളിൽ, 5,000-ത്തിലധികം മൊബൈൽ ടവറുകൾ സ്ഥാപിക്കാൻ ഒരുങ്ങി ഛത്തീസ്ഗഢ് സർക്കാർ. ഈ പ്രദേശങ്ങളിലും സേവനമില്ലാത്ത മറ്റു പ്രദേശങ്ങളിലും മൊബൈൽ ടവറുകളും ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്കുകളും സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ മുഖ്യമന്ത്രി വിഷ്ണു ദിയോ സായ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&&

&&&&

&&&

&&

&